# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 281** **29-06-2016-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് പദ്ധതി

| | ചോദ്യം<br><br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br><br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; | (ബി) | മാരകമായ രോഗങ്ങൾ പിടിപെട്ടവരും വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവു മൂലം വിദഗ്ധ ചികിത്സയ്ക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സ ബന്ധപ്പെട്ട ആശുപത്രികളിലൂടെ സൗജന്യമായി നൽകുന്നതിന് ആവിഷ്ക്കരിച്ച പദ്ധതിയാണ് കാരുണ്യ ബനവലന്റ് ഫണ്ട്. തുടക്കത്തിൽ ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നിവയുടെ ചികിത്സ; കരൾ, തലച്ചോർ എന്നിവയുടെ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ |

| | | | |
|---|---|---|---|
| | | | ശ്വാസകോശം, നട്ടെല്ല്, സുഷുമ്ന നാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങളുടെ ചികിത്സയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാധനസഹായം അനുവദിക്കുന്നുണ്ട്. എല്ലാ ബി.പി.എൽ. കുടുംബങ്ങളും കൂടാതെ വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള എ.പി.എൽ കുടുംബങ്ങളും ഈ പദ്ധതിയുടെ ധനസഹായം ലഭിക്കുവാൻ അർഹരാണ്. |
| (സി) | എന്തെല്ലാം ചികിത്സാ ധനസഹായമാണ് ഈ പദ്ധതി വഴി ലഭിക്കുന്നത് എന്ന് വിശദമാക്കാമോ; | (സി) | കാരുണ്യ ബെനവലന്റ് ഫണ്ട് ചികിത്സാ ധനസഹായ പദ്ധതിയിലൂടെ ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ/കരൾ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്. സർക്കാർ ഉത്തരവ് G.O.(Rt) No. 285/2013/TD തീയതി 02/04/2013 പ്രകാരം ശ്വാസകോശം, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾക്കും ചികിത്സാ ധനസഹായം നൽകുന്നുണ്ട്. പദ്ധതിയിൽ നിന്നും ധനസഹായം 2 ലക്ഷം രൂപയാണ്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാധനസഹായം അനുവദിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ ? | (ഡി) | ചികിത്സാസഹായത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലാണ് സ്വീകരിക്കുന്നത്. ജില്ലാകളക്ടർ ചെയർമാനും ജില്ലാ ഭാഗ്യക്കുറി ഓഫീസർ കൺവീനറുമായുള്ള |

| | | | |
|---|---|---|---|
| | | | ഒരു ജില്ലാതല സമിതി അപേക്ഷ പരിശോധിച്ച് സംസ്ഥാനതല സമിതിക്ക് ശുപാർശ ചെയ്യുന്നു. ഇപ്രകാരം ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ഓൺ ലൈനായി കാരുണ്യഹെഡ് ആഫീസിലേയ്ക്ക് അയക്കുന്നു. ഇവിടെ ഇത് പ്രോസ്സസ് ചെയ്ത് സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പി ക്കുന്നു. സംസ്ഥാനതല സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം ചികിത്സാ ധനസഹായത്തുക ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് അയയ്ക്കുന്നു.<br><br>കാരുണ്യ ഹെഡ് ഓഫീസിൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ നോഡൽ ആഫീസറായിട്ടുള്ള ഉദ്യോഗസ്ഥനാണ് കാരുണ്യയുടെ ഭരണനിർവ്വഹണം നടത്തുന്നത്. ജില്ലാതലത്തിൽ ജില്ലാഭാഗ്യക്കുറി ആഫീസർ (കൺവീനർ), ലെയ്സൺ ആഫീസർ, ഡാറ്റാഎൻട്രി ഓപ്പറേറ്റർമാർ എന്നിവർ കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ.**